## പതിമൂന്നാം കേരള നിയമ സഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2744 — 20-06-2013 -ലെ മറുപടിക്ക്

## കാലാവസ്ഥാ വ്യതിയാനവും ദുരന്തങ്ങളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | കോട്ടയത്ത് പ്രഖ്യാപിക്കപ്പെട്ട കാലാവസ്ഥാ വ്യതിയാനവും ദുരന്തങ്ങളും പഠനവിധേയമാക്കുവാനുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട കാലാവസ്ഥാ വ്യതിയാന ഇൻസ്റ്റിറ്റ്യൂട്ടിന് 2013 മാർച്ച് മാസത്തിൽ സ്പെഷ്യൽ ഓഫീസറായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം.) ഡയറക്ടറെ ചുമതലപ്പെടുത്തി. ഇപ്പോൾ ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ, Memorandum of Association, bylaws, Special rules എന്നിവയുടെ കരട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്ന്കൊണ്ടിരിക്കുകയാണ്. |
| (ബി) | ഇതിനായി എത്ര കോടി രൂപാ ഇതിനകം ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) | ഇതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വിശദമായ ഗവേഷണങ്ങൾക്കും കാലാവസ്ഥാ വ്യതിയാന അതിജീവനത്തിന് കേരള സമൂഹത്തെ പ്രാപ്തമാക്കുന്നതിന് കാലാവസ്ഥാ വ്യതിയാന അനുബന്ധ ദുരന്ത തീവ്രതാ ലഘൂകരണത്തിനും, കാലാവസ്ഥാ വ്യതിയാന ഗവേഷണത്തിൽ മാനവശേഷി വികസനത്തിനും, കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച സർക്കാർ നയരൂപീകരണത്തിൽ സർക്കാരിനെ സഹായിക്കുന്നതിനും, കാലാവസ്ഥാ സംബന്ധിച്ച വിവിധ ഏജൻസികൾ ആഗോള ദേശീയ സംസ്ഥാന തലത്തിൽ നടത്തുന്ന ഗവേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവരങ്ങളുടെ ഡേറ്റാ ബേസ് ഉണ്ടാക്കി പരിപാലിക്കുന്നതിനും ആണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ